**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 543** **23-02-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പ് നോഡൽ വകുപ്പായി സംരംഭക സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വകുപ്പുകൾ നൽകുന്ന സംരംഭക സഹായ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും സംരംഭകരെ ശരിയായ ദിശയിൽ കൈത്താങ്ങ് നൽകി സഹായിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ വ്യവസായ വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് 2022-'23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രത്യേക പദ്ധതി വ്യവസായ വകുപ്പ് വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ച് ഒരു ബുക്ക് ലെറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്ന ടി കാമ്പെയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന ബോധവത്ക്കരണ പരിപാടികളിൽ ഇത്തരം പദ്ധതികളുടെ വിവരങ്ങൾ സംരംഭകരുടെ മുന്നിൽ അവതരിപ്പിക്കും. കൂടാതെ തുടർന്ന് നടത്തുന്ന വായ്പ മേളകളിൽ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്ക് അനുയോജ്യമായ പദ്ധതി തിരഞ്ഞെടുക്കുന്നതിന് വേണ്ട സഹായങ്ങൾ നൽകി, ഇത്തരത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതികൾ എം.എസ്.എം.ഇ മേഖലയിലുള്ള സംരംഭകരിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ ജില്ലാവ്യവസായ കേന്ദ്രങ്ങൾ വഴി ഏകോപിപ്പിച്ച് നിർവ്വഹിക്കും. |

സെക്ഷൻ ഓഫീസർ